63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

63-ാമത് കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

Item Code: 956 Participant Code: 332

# 'ക്ലിക്ക്' ശബ്ദങ്ങൾ

ആദ്യ കുത്തിൽ തെറിച്ച് വീണത്
തലയോട് പിളർന്ന തല,
ആകാശപ്പൂത്തിരിയിൽ ശീതീകരിച്ച
മുറികളിലെ കൽപ്പനകളാൽ
തകർക്കപ്പെട്ട തല.
അടുത്തതൊന്ന് നീക്കി നോക്കി,
കണ്ടത്..; മരത്തിൽ കെട്ടിയിട്ടൊരു
ഉന്ന്യൻ യുവാവിന്റെ
വിലക്കപ്പെട്ട ശരീരമാണത്.
നിരത്തിലും വീഥിയിലും,
കൂട്ടിയും കുറച്ചും,
ഗുണിച്ചും ഹരിച്ചും നീട്ടി കുത്തി.
കോളങ്ങളിടത്ത് കോളങ്ങം
നികത്താനാവാത്ത കുഴികളായവ
'ക്ലിക്ക്' ശബ്ദത്തോടെ

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

നിലവിളിച്ച് വന്ന് വീണു.

അറ്റമില്ലാത്ത വാനപരപ്പിന്റെ

അതിരുകൾ തേടി അവന്റെ

വിരലുകൾ ഇഴഞ്ഞു.

അവയ്ക്ക് തുമ്പിൽ നിലവിളിക്കപ്പുറം

കരിഞ്ഞ പെണ്ണിന്റെ

നിലച്ച ശരീരം.

മറ്റൊരു താളിൽ കുത്തി,

പച്ച, മഞ്ഞ, നീല, പല നിറങ്ങളിൽ

മഴവില്ല്...

നിറങ്ങളിൽ കാപട്യത്തിന്റെ കടുപ്പം,

കാലത്തിന്റെ ചവർപ്പ്.

വിരിച്ച വലകളിൽ ഒന്നിൽ

ചുവന്ന ഹൃദയം കൊടുത്ത്

ചേർത്ത് അടച്ചു.

സന്ദേശങ്ങൾ ഓരോന്നും

കണ്ട് ചിരിച്ചു,

നിശ്ചലയായി,

കരഞ്ഞു.

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

63-ാമത് കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

5/1/2025 Item Code: 956 Participant Code: 332

അവസാന കുന്നിൽ
ചോരവാർന്ന് മരിച്ചു.
അല്ല , കൊന്നു.

ഇതിനിടെ , രാജ്ഘട്ടിന്റെ
മടിയിൽ നിന്നൊരു വൃദ്ധൻ
വടിയും കുത്തി മുന്നോട്ട് നടന്നു.
നഗ്നപാദങ്ങളിൽ പൊള്ളലേറ്റു.
അടുത്തു കിടന്ന് കിട്ടിയ
ചതുരപ്പലകയിൽ പൊന്തിനിന്ന
ബട്ടണുകളിൽ കുത്തി നോക്കി.
മണിയൊച്ച മുഴങ്ങിയിടങ്ങളിലെ
മരണത്തിന്റെ മദം പൊട്ടൽ
കണ്ട് ആ വൃദ്ധൻ വിറച്ചു,
കീറച്ചേല കണ്ട് കുനിഞ്ഞു,
കുത്തി കുത്തി മടുത്തു.
'തിരികെ വഴി' നഷ്ടമായി
വഴികളിലെ ഉപ്പു നനവറിഞ്ഞു.

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

വൈഗാനദി പിന്നിലേക്ക് വലിഞ്ഞു,
ഇനിയും ഒഴുക്കി നൽകാൻ ചേല
തികയില്ലയെന്നവൾ പറഞ്ഞു.
തുന്നിയുതിർന്ന പുരുഷത്വത്തിന്റെ
പുതിയ ചിത്രങ്ങളിൽ പുച്ഛം
അവസാന സന്ദേശമായി പടർന്ന്,
ആ വൃദ്ധൻ വീണ്ടും ജീവിതത്തെ
'അൺഇൻസ്റ്റാൾ' ചെയ്തു.
നനവുള്ള രാജ്പെട്ടിൽ വന്ന് കിടന്നു.
'ക്ലിക്ക്' ശബ്ദങ്ങൾ തിരക്കലയായി
നിലവിളികൾക്കൊപ്പം ആ വൃദ്ധന്
അപ്പോഴും കേൾക്കാമായിരുന്നു...